# പ്രത്യാശയിൽ സന്തോഷിക്കുവിൻ

റോമ 12:12

ജനുവരി 2021

ഈ പുതുവത്സരത്തിൽ ജീസസ് യൂത്ത് ലോകത്തിനു നൽകേണ്ടത് അനേക വർഷങ്ങൾക്കു മുൻപ് വിശുദ്ധ പൗലോസ് റോമക്കാർക്കു നൽകിയ അതേ പ്രോത്സാഹജനകമായ ആശംസയാണ് – 'പ്രത്യാശയിൽ സന്തോഷിക്കുവിൻ'. ഈ കോവിഡ് മഹാമാരിയുടെ നടുവിലും നാം സന്തോഷഭരിതരാണ്. നമ്മുടെ ഹൃദയത്തിൽ യുവത്വം തുളുമ്പുന്ന പ്രത്യാശയുണ്ട്. എന്തെന്നാൽ യേശു നമ്മിൽ ജീവിക്കുന്നു!

പ്രത്യാശ അടിസ്ഥാനപരമായ ഒരു ദൈവിക സുകൃതമാണ്. പ്രത്യുത്തരം ആവശ്യപ്പെടുന്ന ദൈവിക ദാനവുമാണ്. നമ്മുടെ പ്രത്യാശ യേശുവിന്റെ ദാനവും ദൗത്യവുമാണ്; വിളിയും നിയോഗവുമാണ്. ക്രിസ്മസിന്റെയും നവവത്സരത്തിന്റെയും പ്രത്യാശ, നിരാശയിൽ നിന്നും അമിതാത്മവിശ്വാസത്തിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു.

'നാം സോദരർ' (ഫ്രത്തേല്ലി തുത്തി) എന്ന ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു: ഇന്ന് നാമെല്ലാവരും ഒരേ തോണിയിൽ സഞ്ചരിക്കുന്ന ഒരു ആഗോള ജനതതിയാണ്. ഒരുവന്റെ പ്രശ്നം എല്ലാവരുടെയും പ്രശ്നമായി മാറിയിരിക്കുന്നു. ആർക്കും തനിച്ചു രക്ഷ പ്രാപിക്കാനാവില്ലെന്ന് ഒരിക്കൽക്കൂടി നാം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു; നമുക്ക് ഒരുമിച്ചു മാത്രമേ ഇനി രക്ഷപെടാൻ കഴിയൂ (# 32).

നാം പരസ്പരം ഒഴിച്ചുകൂടാനാവാത്തവരാണെന്ന ഈ പുതിയ തിരിച്ചറിവ് കോവിഡ് 19ന്റെ കൂരിരുട്ടിന്റെ നടുവിലും പ്രത്യാശയുടെ ഉജ്വലപ്രകാശം മനുഷ്യരാശിക്ക് പകരുന്നു.

2021ന്റെ ആരംഭത്തിലെങ്കിലും നമ്മുടെ മുഖംമൂടികളെയും ബാഹ്യമോടികളെയുമോർത്തു ഖേദിക്കാനാവുമോ? (# 32). നമ്മുടെ സ്വാർഥത നിറഞ്ഞ ജീവിത ശൈലിക്കു വിപരീതമായി 'ഒരുമിച്ചു രക്ഷ പ്രാപിക്കുക'യെന്ന പുതിയ ജീവിതരീതി കുടുംബങ്ങളിലും പ്രാർഥനാസമൂഹങ്ങളിലും ആരംഭിക്കാം.

നാമെല്ലാവരും ഭവനങ്ങളിൽ ഒതുങ്ങി കഴിയുകയാണ്. അതിനാൽ തന്നെ ഒരു വലിയ സാധ്യത ഇതൊരുക്കുന്നു. പ്രാർത്ഥനാപൂർവ്വം യേശുവിനെയും മറിയത്തെയും യൗസേപ്പിതാവിനെയും കണ്ടുമുട്ടുന്നതോടൊപ്പം കുടുംബാംഗങ്ങൾ തമ്മിലും സ്നേഹത്തിന്റെ മിഴികളോടെ വീണ്ടും കണ്ടുമുട്ടാനാകുമെങ്കിൽ അത് എത്ര ആനന്ദകരമാകും! നമ്മുടെ പ്രാർഥനാ സമൂഹങ്ങളിലും ഇതുതന്നെ സംഭവിക്കട്ടെ.

യേശുവിനോടുള്ള അടുപ്പം കൊണ്ട് കോവിഡ് 19ന്റെ ഏകാന്തതയെ കീഴടക്കുവാൻ ഫ്രാൻസിസ് പാപ്പ പ്രോത്സാഹിപ്പിക്കുന്നു. പ്രത്യാശയുടെ പ്രേഷിതശിഷ്യരായി രൂപാന്തരപ്പെട്ട്,

അനുദിന ജീവിതത്തിലെ സ്നേഹത്തിന്റെയും കരുണയുടെയും സന്തോഷത്തിന്റെയും സാധാരണ പ്രവൃത്തികളിലൂടെ യേശുവിനെ മറ്റുള്ളവർക്ക് സമീപസ്ഥനാക്കാം.

ആരോഗ്യപ്രവർത്തകർ, അധ്യാപകർ, അടിയന്തര ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നവർ, മാതാപിതാക്കൾ തുടങ്ങി നമ്മിൽ പലരും ചുറ്റുമുള്ളവർക്ക് ഏറെ പ്രത്യാശ പകർന്നും തങ്ങളുടെ കർത്തവ്യമനുഷ്ഠിച്ചും ഏറെ ക്ഷീണിതരായി തീർന്നിരിക്കുന്നു. ജീവിതക്ലേശങ്ങളിൽ സഹനശീലരായിരിക്കാനും വിശ്വാസത്തോടെ പ്രാർത്ഥിക്കാനും പൗലോസ് ശ്ലീഹാ ഉത്ബോധിപ്പിക്കുന്നു.

എല്ലാ കുടുംബാംഗങ്ങളും വീട്ടിൽ തന്നെയിരുന്നു ജോലി ചെയ്യുന്നതും പഠിക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. ഭവനത്തിലെ 'ആശ്രമാ'ന്തരീക്ഷം ദുരഭിമാനം നിറഞ്ഞ ഔദ്ധത്യത്തെ വെല്ലുവിളിക്കുന്നു.

രൂപതാകേന്ദ്രങ്ങൾ, ഇടവകകൾ, മറ്റു കൂട്ടായ്മകൾ എന്നിവയെല്ലാം ലഭ്യമാക്കുന്ന ഓൺലൈൻ ദിവ്യബലികളും പ്രാർഥനകളും രോഗികൾ, വയോജനങ്ങൾ, ദുർബലർ എന്നിവരെല്ലാം വിലമതിക്കുന്നു. യുവജനങ്ങൾ എക്കാലത്തെയും പോലെ ഓൺലൈൻ സുവിശേഷരംഗത്തു നേതൃത്വം പ്രകടമാക്കുന്നു.

പാർശ്വവത്കരിക്കപ്പെട്ട് വീട്ടിൽ അടയ്ക്കപ്പെട്ടവർ പ്രതീക്ഷിക്കാതെ ലഭിക്കുന്ന ഒരു ഫോൺവിളിയിലോ സന്ദർശനത്തിലോ ആനന്ദിക്കുന്നു. ഇലക്ട്രോണിക് ആശയവിനിമയ മാർഗങ്ങളിലൂടെയാണെങ്കിലും മാതാപിതാക്കൾ തങ്ങളുടെ മക്കളെയും പേരക്കിടാങ്ങളെയും കാണാനാകുന്നതിൽ സന്തോഷിക്കുന്നു.

ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും മഹാമാരിയെ പ്രായോഗികമായ ചെറിയ അടുപ്പത്തിന്റെ ഈ അത്ഭുതങ്ങൾ കൊണ്ടു നാം കീഴടക്കുന്നു. 2021 ൽ ഹൃദ്യമായ പുഞ്ചിരിയുടെയും സന്തോഷദായകമായ വാക്കുകളുടെയും ചെറു സഹായങ്ങളുടെയും ഈ പുതു ശീലങ്ങൾ നമുക്കു തുടരാം. അവ ഉത്കണ്ഠാകുലമായ ലോകം കാംഷിക്കുന്നതും വലിയ സന്തോഷത്തിനു കാരണമാകുന്നതുമായ പ്രത്യാശയുടെ വാക്സിനായിത്തീരും.

നൂറ്റാണ്ടുകളായി ക്രൈസ്തവർ ബെത്‌ലഹേം തൊഴുത്തിലെ തിരുക്കുടുംബത്തിന്റെ മുൻപിൽ ഭയഭക്തി – ബഹുമാനങ്ങളോടെ മുട്ടു മടക്കിയിട്ടുണ്ട്. യുദ്ധം, മഹാമാരി, ദുരന്തം എന്നിവയുടെ കാലയളവുകളിൽ കൂടുതൽ തീക്ഷ്ണതയോടെ അവരതനുഷ്ഠിച്ചിട്ടുണ്ട്; ഇപ്പോൾ നമുക്കും അതു തുടരാം. ബെത്‌ലഹേമിലെ ശിശുവിനെ നിശബ്ദമായി ആരാധിക്കുമ്പോൾ പ്രത്യാശ സഫലീകരിക്കപ്പെടുകയാണെന്നു പൗലോസ് ശ്ലീഹായൊടൊപ്പം നാമും അറിയുന്നു.

നമ്മുടെ വേദനകളിൽ പങ്കുചേരുന്ന ഒരുവനാണ് ദൈവം എന്ന യാഥാർഥ്യമാണ് ഈ സന്ദർഭത്തിൽ നാം അനുഭവിച്ചറിയുന്നത്. അവിടുന്നാണ് നമ്മുടെ പ്രത്യാശ. അവിടുത്തെ നാമം തന്നെ ഇമ്മാനുവൽ – ദൈവം നമ്മോടു കൂടെ – എന്നാണല്ലോ. യഥാർത്ഥത്തിൽ പ്രത്യാശ ഒരു വ്യക്തിയാണ്. അത് യേശു തന്നെ. ഈ പ്രത്യാശയിൽ നമുക്കു നിരന്തരം സന്തോഷിക്കാം; ആനന്ദത്തോടെ അതു ലോകത്തിനു പങ്കുവയ്ക്കാം.

**ആർച്ച്ബിഷപ്പ് ക്രിസ്റ്റഫർ പ്രൗസ്**
കാൻബെറ, ആസ്ട്രേലിയ
രക്ഷാധികാരി,
ജീസസ് യൂത്ത് ഇന്റർനാഷണൽ